ആധുനികവൽക്കരണത്തിനായി വാങ്ങുന്ന ഉപകരണങ്ങളുടെ നിലവാരമില്ലായ്മ

327 (3839) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാഫിക് നിയമ ലംഘനവും മറ്റും കണ്ടുപിടിക്കുന്നതിനായി സ്ഥാപിക്കുന്ന ക്യാമറകൾ വളരെ വേഗത്തിൽ തകരാറിലാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) മോട്ടോർ വാഹന വകുപ്പ് ആധുനികവൽക്കരണത്തിന്റെ പേരിൽ വാങ്ങുന്ന വിവിധ ഉപകരണങ്ങൾ നിലവാരമില്ലാത്തവയാണെന്നുള്ള കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ;

(സി) പ്രസ്തുത ഉപകരണങ്ങൾക്ക് മതിയായ നിലവാരം ഉറപ്പുവരുത്തുവാനായി സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ ഏന്തെല്ലാം; വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തകരാറ് ശ്രദ്ധയിൽപ്പെടുമ്പോൾ തന്നെ സിഗ്നൽ വയലേഷൻ ഡിറ്റക്ഷൻ സംവിധാനത്തിന് സാങ്കേതിക സഹായം നൽകുന്ന ഏജൻസിയുമായി ബന്ധപ്പെട്ട് കേടുപാടുകൾ തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി & സി) ആധുനികവൽക്കരണത്തിനായി നിലവിൽ ലഭ്യമാകുന്ന ഏറ്റവും പുതിയ തരത്തിലുള്ള ഉപകരണങ്ങളാണ് മോട്ടോർ വാഹന വകുപ്പ് വാങ്ങുന്നത്. ഇതിനായി വകുപ്പിന് പുറത്തുനിന്നുള്ള വിദഗ്ധരുൾപ്പെടെയുള്ള ഒരു ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ച ഉപകരണങ്ങൾ മാത്രമാണ് ടെണ്ടർ നടപടികൾക്കുശേഷം വാങ്ങുക. ഇങ്ങനെ തിരഞ്ഞെടുത്ത് വാങ്ങുന്ന ആധുനിക ഉപകരണങ്ങൾക്ക് ആവശ്യമായ വാറണ്ടി ഉറപ്പു വരുത്തുന്നുമുണ്ട്. ഇതിനുശേഷം വാർഷിക അറ്റകുറ്റപ്പണികൾക്കായി കമ്പനിയുമായി കരാറുകളിലും (Annual maintenance Contract) ഏർപ്പെടാറുണ്ട്. മോട്ടോർ വാഹന വകുപ്പ് പുതുതായി വാങ്ങുന്ന ഉപകരണങ്ങൾ ശരിയായി പ്രവർത്തിക്കുന്നുവെന്ന് മേൽപ്പറഞ്ഞ നടപടികളിലൂടെ ഉറപ്പു വരുത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly